# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 625 29/07/2015-ലെ മറുപടിക്ക്.

## തീര സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത

**ചോദ്യം :**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ. കെ. എം. ഷാജി
ശ്രീ. പി. കെ. ബഷീർ
ശ്രീ. പി. ബി. അബ്ദുൾ റസാക്

**മറുപടി :**

രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ തീര മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള തീര സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ടോ; | (എ) | തീരസുരക്ഷാ സംവിധാനത്തിന്റെ കാര്യക്ഷമത കാലാകാലങ്ങളിൽ പരിശോധനയ്ക്കു വിധേയമാക്കാറുണ്ട്. ഇതിന്റെ ഭാഗമായി 'തീരവേട്ട' എന്ന പേരിൽ വർഷത്തിൽ രണ്ടു തവണ നാവിക സേന, കോസ്റ്റ് ഗാർഡ്, തീരദേശ പോലീസ്, ഫിഷറീസ്, കസ്റ്റംസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സംയുക്ത മോക് ഡ്രിൽ നടത്താറുണ്ട്. |
| (ബി) | എങ്കിൽ ഏറ്റവും ഒടുവിൽ പരിശോധന നടത്തിയതെന്നാണെന്നും, കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (ബി) | 'തീരവേട്ട' എന്ന പരിശീലന പരിപാടി 2015 ഏപ്രിൽ മാസം 28-ാം തീയതി രാവിലെ 6 മണി മുതൽ 29-ാം തീയതി വൈകുന്നേരം 6 മണിവരെ കേരള തീരത്ത് നടത്തുകയുണ്ടായി.<br>'തീരവേട്ട' കേന്ദ്ര ഏജൻസികളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നതായതിനാലും, കണ്ടെത്തലുകളുടെ പൂർണ്ണ തോതിലുള്ള വിശദാംശങ്ങൾ, രാജ്യ സുരക്ഷ സംബന്ധിച്ചുള്ള അതീവ രഹസ്യ സ്വഭാവമുള്ളതായതിനാലും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതിയോടു കൂടി മാത്രമേ വെളിപ്പെടുത്താൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | തീരസുരക്ഷയുമായി ബന്ധപ്പെട്ടു മൽസ്യതൊഴിലാളികളുടെ സേവനവും, സഹകരണവും എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും, അവരുടെ സുരക്ഷയ്ക്ക് കോസ്റ്റൽ പോലീസ് എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | മത്സ്യതൊഴിലാളികളുടെ കൂട്ടായ പങ്കാളിത്തം 'തീരവേട്ട' എന്ന പരിശീലന പരിപാടിയിൽ ഉപയോഗപ്പെടുത്തി വരുന്നു. തീരദേശ പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു കൊണ്ട് പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികൾ മുഖേന മത്സ്യ തൊഴിലാളികൾക്കിടയിൽ തീര സുരക്ഷ സംബന്ധിച്ച അവബോധവും ജാഗ്രതയും നൽകി വരുന്നു. നാവിക സേന, കോസ്റ്റ് ഗാർഡ്, മത്സ്യബന്ധന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. വിവരങ്ങൾ തീരദേശ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്കായി ടോൾ ഫ്രീ നമ്പർ 1093 ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. കൂടാതെ ജാഗ്രതാ സമിതി അംഗങ്ങൾക്ക് സിം കാർഡുകളും മൊബൈൽ ടോപ് അപ്പുകളും സൗജന്യമായി നൽകി വരുന്നു. |

Premkumar

സെക്ഷൻ ഓഫീസർ